# പള്ളികഥകൾ

## മിനികഥകൾ എഴുപത്തിമൂന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ ദീഘ്കാലങ്ങൾക്ക ശേഷമാണ് ഇപ്പോൾ കഥ പറയാൻ പോകുന്നത്. പറയുന്ന അദ്ദേഹവും മറ്റു കാര്യ ൾ ചെയ്യുന്നന്ന ഞാനും വളരെ തിരക്കിലായിരുന്നു. ലോക ത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള പ്രോത്സാഹനങ്ങളും സമ്മദ്ദവും കാരണം, വളരെ തിരക്കിൽ നിന്നും സമയം കണ്ടെ ത്തി നിങ്ങളുടെ കയ്യടി വാങ്ങാനായി പരിശ്രമിക്കുകയാണ്.

## കദനരോദനം

“അച്ചോ ഇയാൾ എന്റേത് മുഴുവനും നശിപ്പിച്ചു. കഴിഞ്ഞ എ ട്ടു വഷങ്ങളിലായി ഞാൻ കഷ്ടപ്പെട്ടുണ്ടാക്കിയിതു മുഴുവൻ ഈ ദുഷ്ടൻ വെള്ളത്തിൽ ഒഴുക്കികളഞ്ഞു. എന്തോ ഗതികേ ടിനാണ് ഞാൻ ഈ മനുഷ്യന്റെ കൂടെ ഇറങ്ങിതിരിച്ചതെ ന്നോക്കുകയാണ്. അന്നേ എന്റെ വീട്ടുകാരെല്ലാം പറഞ്ഞതാ ണ് ഇയാളുടെ കൂടെ പോകരുതെന്ന്. അന്ന് ഞാനതു കേട്ടി ല്ല. കാക്കാശിന്റെ പണിചെയ്യാതെ, ദുരഭിമാനവും വെച്ചുകൊ ണ്ട് എല്ലാം ഇയാൾ നശിപ്പിക്കുകയാണ്. ഇനീം ഇയാളുടെ കൂ ടെ പൊറുക്കാൻ എന്നെക്കൊണ്ടു വയ്യ” ഇത് അന്നചേടത്തി യുടെ കദനരോദനമാണ്.

അമേരിക്കയിലെ ഒരു ഗ്രാമപ്രദേശത്തുള്ള ഇടത്തരം ഒരു പ ള്ളിയിലെ വികാരിയച്ചന്റെ പാഴ്സനേജിൽ ചെന്നാണ് പരാതി. ചേടത്തിയുടെ ഭത്താവ് അവറാച്ചനും കൂടെയുണ്ട്.

“ഇന്ന് ഞാനിതിന് പരിഹാരം ഉണ്ടാക്കുമെന്ന് ആക്രോശിച്ചു കൊണ്ടായിരുന്നു ചേടത്തിയുടെ പുറപ്പാട്.

അവർ ഭാര്യയും ഭത്താവും രണ്ട് പെൺമക്കളും ഉള്ള ഒരു ചെ റിയ കുടുംബം. ഏകദേശം പത്തു വഷങ്ങൾക്ക മുൻപ് അമേ രിക്കയിൽ കുടിയേറി പാത്തതാണ്.

സിനിമാ നടന്മാരേക്കാൾ സൗന്ദര്യമുള്ള ഏബ്രഹാമിനെ അ ന്നമ്മ വഷങ്ങൾക്ക മുൻപ് കണ്ടപ്പോൾ കുടുങ്ങി പോയതാണ് ചിലന്തിവലകളിൽ ഇര കുടുങ്ങുന്നതുപോലെ. അന്നും ഇന്നും അയാളെ കണ്ടാൽ ഏതൊരു സ്ത്രീ പുരുഷനും അറിയാതെ നോക്കിപോകും, അത്രയ്ക്കു സൗന്ദര്യ ശ്രേഷ്ടനാണയാൾ.

ശരിക്കും പറഞ്ഞാൽ അവൾ അയാളെ കുടുക്കിയതാണ്. സ്ക്കൂളിൽ പഠിക്കുമ്പോൾ തന്നെ ആ പള്ളിക്കൂടത്തിലെ എല്ലാ പെൺപിള്ളേരും അയാളെ നോക്കി വെള്ളമിറുമിക്കൊ ണ്ടിരുന്നതാണ്. അയാളെക്കാളും ഒരു ക്ലാസിനു താഴെയായി രുന്നു അവൾ. രണ്ടു പേരും അന്നത്തെ കാലത്തെ നിദ്ധന കുടുംബങ്ങളിലേതായിരുന്നു. ഹൈസ്ക്കൂൾ കഴിഞ്ഞപ്പോൾ അന്ന് അയാൾ എയർഫോഴ്സിൽ ചേന്നു. ആദ്യത്തെ അവധി ക്ക് അയാൾ വന്നപ്പോൾ, അയാളുടെ വീട്ടിൽ ആരും ഇല്ലാതിരുന്ന തക്കം നോക്കി അവൾ ചെന്ന് അയാളുമായി ര തിലീലകളിൽ ഏപ്പെട്ടു. അന്ന് അയാൾക്ക് മീശ പോലും കി ളിച്ചിരുന്നില്ല. കേവലം പതിനെട്ടിന്റെ കല്പടവിൽ നിൽക്കും നേരം. അവൾക്കും പതിനേഴിന്റെ പ്രായം. കണ്ടാൽ വിരൂപയ ല്ലയെന്നതിനേക്കാൾ അതിസുന്ദരിയൊന്നുമല്ല. ആ അവധി ക്കാലം മിക്ക ദിവസങ്ങളിലും ഇതാവത്തിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഏഴു വഷങ്ങൾ മുൻപോട്ടു പോയി. രണ്ടു വീട്ടു കാരുടേയും എതിപ്പിനെ വകവെയ്ക്കാതെ അവർ വിവാഹിത രായി.“എന്റെ മകന് ലക്ഷങ്ങൾ സ്ത്രീധനം കിട്ടേണ്ടതാണ്. അ വൾ അവനെ വശീകരിച്ചെടുത്തതാണ്”. അയാളുടെ അമ്മ യുടെ അലമുറ ഇതുവെരെ മാറിയിട്ടില്ല.

ഇതിനിടയിൽ അയാളുടെ പെങ്ങൾ നേഴ്സിംഗ് പഠിച്ച് കുറച്ചു കാലം ഡൽഹിയിൽ ജോലി ചെയ്ത ശേഷം അമേരിക്കയിൽ എത്തി. അവിടെ ഒന്ന് കാലുറച്ചു കഴിഞ്ഞപ്പോൾ ഉടനെ ത ന്നെ ആങ്ങളയെ അവിടെ വരുത്താനുള്ള പേപ്പർ പണികൾ ചെയ്തു. അവൾക്ക് ആങ്ങളെ വലിയ ഇഷ്ടമായിരുന്നു. ദീഘ് കാലത്തെ കാത്തിരിപ്പിനുശേഷം അയാൾ കുടുംബ സമേതം അമേരിക്കയിൽ പറിച്ചു നട്ടു.

ഇത്രയും കാലം യാതൊരു ജോലിയും ചെയ്യാതെ സുഖമായി ജീവിച്ച അന്നമ്മ അമേരിക്കയിൽ എത്തിയപ്പോൾ ജോലി ചെ യ്യാൻ നിബന്ധിതയായി. “ഗതികേടു വന്നപ്പോൾ പുലിയും പുല്ലു തിന്നും എന്നു പറഞ്ഞതു പോലെയായി. ദുരഭിമാനം കാരണം ഏബ്രഹാം യാതൊരു കമ്പിനി പണിക്കും പോക ത്തില്ലന്നായി. എയർഫോഴ്സിൽ നിന്നും പതിനഞ്ചു വഷം കഴി ഞ്ഞ്, മുപ്പത്തിരണ്ടാം വയസ്സിൽ റിട്ടയർ ചെയ്ത അയാൾ നാട്ടി ലെ ആ കുഗ്രാമത്തിൽ ചെറിയ ഒരു കടയിട്ട് അവിടെ സിനിമാ വാടകക്ക് കൊടുക്കുക, ഫാക്സ് ചെയ്യുക, കോപ്പിമിഷീൻ വെ ച്ച് കോപ്പികൾ ഉണ്ടാക്കുക അങ്ങിനെ അല്ലറ ചില്ലറ കച്ചവട ങ്ങളും കൂടാതെ രണ്ടു ലോറികളും രണ്ട് ടാക്സി കാറുകളും ര ണ്ട് ഓട്ടോ റിക്ക്ഷാകളും കൂടാതെ ഉള്ള വസ്തുവിൽ റബർ കൃഷിയുമെല്ലാമായി എല്ലാവരും മുതലാളീയെന്ന് വിളിച്ച് സു ഖമായി കഴിഞ്ഞിരുന്നതാണ്. സത്യത്തിൽ അയാൾക്ക് അമേ രിക്കയിൽ വരണമെന്ന് തീരെ താല്പര്യമില്ലായിരുന്നു. നാത്തൂ നും കുടുംബവും നാട്ടിൽ അവധിക്കു വരുമ്പോൾ കണ്ട് അസൂ യപ്പെട്ട് അന്നമ്മയ്ക്കായിരുന്നു അമേരിക്കയിൽ വരാൻ ഏറെ കൊതി.

എയർഫോഴ്സിൽ ഇത്രയും നല്ല ജോലിയുണ്ടായിരുന്നതു കള ഞ്ഞ് നാട്ടിൽ ഒരു മുതലാളിയായി ജീവിച്ച ഏബ്രഹാം ഇപ്പോ ൾ അവറാച്ചനായി അമേരിക്കയിൽ ജീവിക്കാനാണ് ഏറെ ഇ ഷ്ടം. അമേരിക്കയിൽ വന്ന് സ്ഥിതിഗതികൾ മനസ്സിലാക്കിയ അന്നമ്മ ഉടനെ തന്നെ മനസ്സില്ലാ മനസ്സോടെ മൂന്നു മാസ ത്തെ ക്ലാസിനു പോയി സി. എൻ. എ എന്നറിയപ്പെടുന്ന സട്ടി ഫൈഡ് നേഴ്സിംഗ് അസിസ്റ്റന്റ് ആയി ജോലി നോക്കി ജീവി ക്കുകയാണ്. അവറാച്ചൻ ടിവിയും കണ്ട്, മലയാളം സിനിമ യും കണ്ട്, ഇന്റർ നെറ്റിൽ കയറി മലയാളം പത്രങ്ങളും വായി ച്ച് സുഖമായി ജീവിക്കുകയാണ്. ജോലിക്കു പോകുന്നതും കൂടാതെ അന്നമ്മ തന്നെ കാറോടിച്ച് കടകളിൽ പോയി സാ ധനങ്ങൾ വാങ്ങി ഭക്ഷണങ്ങളും ഉണ്ടാക്കി പാത്രങ്ങളും എ ല്ലാം കഴുകി കഷ്ടപ്പെട്ടു ജീവിക്കുകയാണ്.

“ഞാൻ പതിനഞ്ചു വഷം ശരിക്കും ജോലി ചെയ്ത് കഷ്ടപ്പെട്ടാ ണ് കാശുണ്ടാക്കി കൊണ്ടു വന്നത്”

“അച്ചായൻ പതിനഞ്ചു വഷം ഓഫീസിലിരുന്ന് സുഖമായി ജീവിച്ചതാണ്. ഞാൻ ഈ വടക്കേ ഇന്ത്യയിൽ പോയെട ത്തെല്ലാം കഷ്ടപ്പെട്ട് കടകളിൽ പോയി, ഭക്ഷണം എല്ലാം പാ കം ചെയ്ത് പാത്രങ്ങളും കഴുകി ജീവിച്ചതാണ്”

എന്തായാലും അയാൾക്ക് കടയിൽ പോയി സാധനങ്ങൾ വാ ങ്ങാനോ, ഭക്ഷണം പാകം ചെയ്യാനോ പാത്രം കഴുകാനോ ഒ ന്നും സാധിക്കത്തില്ല. അപ്പോൾ പിന്നെ ജീവിക്കണമെങ്കിൽ അവൾ തന്നെ ഇതെല്ലാം ചെയ്യണം.

ഇപ്പോൾ പ്രശ്നം ഇന്റർനെറ്റിൽ കൂടെ ആരോ വിവരം അറിയ ച്ചതിൻ പ്രകാരം അവൾ ഇത്രയും നാൾ കഷ്ടപ്പെട്ടുണ്ടാക്കിയ എണ്ണായിരം ഡോളർ അയാൾ നഷ്ടപ്പെടുത്തി. പണം ഇരട്ടിച്ചു കൊ ടുക്കാമെന്നു കണ്ടപ്പോൾ ഉണ്ടായിരുന്ന പണമത്രയും എടുത്തു മറി ച്ചു. അവസാനം കളപ്പീരാണെന്നു മനസ്സിലായപ്പോൾ സമയം വൈ കി. എന്നിട്ടും അയാൾക്ക് യാതൊരു കൂശലും ഇല്ലാതെ പറയുന്ന ത്: നാട്ടിൽ ഞാൻ ലക്ഷങ്ങൾ ഉണ്ടാക്കിയതു മുഴുവൻ തുലച്ചല്ലേ ഇവളുടെ വാക്കു കേട്ട് ഇവിടെ വന്ന് കഷ്ടപ്പെടുന്നതെന്നാണ്!